*⇨ പ്രതിഷേധമാണ് സർക്കാരിനെ മാറി ചിന്തിപ്പിക്കാൻ പ്രേരിപ്പിച്ചതെന്നത് വ്യക്തമാണ് ⇨*

# അറബിക്കടലിലെ അമേരിക്കൻ ധാരണാപത്രവും, ധാരണപ്പിശകും

പാരിസ്ഥിതിക സൗഹൃദ വികസനത്തേക്കുറിച്ച് ഒരു വശത്ത് മുഖ്യമന്ത്രി തന്നെ സംസാരിക്കുന്നു. മറുവശത്ത് വിവേചനരഹിതമായി നിക്ഷേപങ്ങളെ സ്വീകരിക്കുന്ന നിക്ഷേപ സൗഹൃദ സംസ്ഥാനത്തെക്കുറിച്ചും പറഞ്ഞുകൊണ്ടിരിക്കുന്നു. ഇവ തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിച്ച് ബോധ്യപ്പെടണമെങ്കിൽ ഇനിയും രണ്ടോ മൂന്നോ പ്രളയങ്ങൾ കൂടി വേണ്ടിവന്നേക്കാം! ഓഖിയിൽ ലക്ഷദ്വീപ് കടലിൽ മുങ്ങിപ്പോയ ആറ് ബോട്ടുകളിലെ 69 മനുഷ്യരുടെ ശരീരം പോലും ഇനിയും പുറത്തെടുക്കപ്പെട്ടിട്ടില്ല.

**ചാൾസ് ജോർജ്ജ്**

**കേരളത്തിന്റെ** മത്സ്യ മേഖലയിൽ അയ്യായിരം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനവുമായി രംഗത്തെത്തിയ അമേരിക്കൻ കൺസോർഷ്യം ഇ.എം.സി.സി.,യും കേരളത്തിലെ ഷിപ്പിംഗ് ആന്റ് നാവിഗേഷൻ കോർപ്പറേഷനുമായി ഉണ്ടാക്കിയ ധാരണാപത്രം സർക്കാർ റദ്ദാക്കിയിരിക്കുകയാണ്. മത്സ്യബന്ധനം, വിപണനം, സംസ്കരണം, കയറ്റുമതി, അടിസ്ഥാന വികസനം എന്നീ മേഖലകളിൽ വൻ നിക്ഷേപത്തിന്റെ സമഗ്ര പദ്ധതിയുമായാണ് സ്ഥാപനം രംഗത്തെത്തിയത്. രാജ്യത്ത് കാർഷിക മേഖലയെ കുത്തകകൾക്ക് തീറെഴുതുന്നതിനെതിരേ ശക്തമായ പ്രക്ഷോഭം തുടരുകയാണ്. ആഴക്കടൽ മേഖലകളിലടക്കം സ്വകാര്യ നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കുമെന്ന കേന്ദ്ര ഫിഷറീസ് നയം കഴിഞ്ഞ മാസം പ്രഖ്യാപിക്കപ്പെട്ടിരിക്കുകയുമാണ്. ഈ പശ്ചാത്തലത്തിലാണ് ഇതുമായി ബന്ധപ്പെട്ട നടപടികൾ മുന്നോട്ടുപോയതെന്നതാണ് ശ്രദ്ധേയം. മത്സ്യമേഖലയിലടക്കം ഉയർന്നുവന്ന പ്രതിഷേധമാണ് സർക്കാരിനെ മാറി ചിന്തിപ്പിക്കാൻ പ്രേരിപ്പിച്ചതെന്നത് വ്യക്തമാണ്. ഉയർന്നുവന്ന വിവാദങ്ങളെ മേഖലയുടെ സമഗ്രമായ പുനഃസംഘാടനവുമായി ബന്ധപ്പെട്ട ആരോഗ്യകരമായ സംവാദമാക്കി എങ്ങിനെമാറ്റാം എന്ന പരിശോധനയാണ് ഇന്നാവശ്യം.

### മത്സ്യമേഖലയിലെ പ്രതിസന്ധി

സാങ്കേതിക വിദ്യ കൂടുതൽ വികസിക്കുകയും, മത്സ്യബന്ധന മേഖലയിൽ കൂടുതൽ നിക്ഷേപം നടക്കുകയും ചെയ്യുന്നുവെങ്കിലും മത്സ്യോല്പാദനം കുറഞ്ഞുകൊണ്ടിരിക്കുകയാണെന്ന് ഐക്യരാഷ്ട്ര സംഘടനയുടെ കണക്കുകൾ പറയുന്നു. കഴിഞ്ഞ 20 വർഷമായി ആഗോള സമുദ്ര മത്സ്യോല്പാദനം ശരാശരി 86 ദശലക്ഷം ടണ്ണിൽ സ്ഥായിയായി നിൽക്കുന്നു. 2010 ൽ അത് 90 ദശലക്ഷം ടൺ വരെ എത്തിയെങ്കിലും ഇപ്പോൾ 80 ദശലക്ഷം ടണ്ണായി ഇടിഞ്ഞിരിക്കുന്നു. എന്നാൽ മത്സ്യ ഉപഭോഗമാകട്ടെ ഇക്കാലയളവിനുള്ളിൽ 47 ദശലക്ഷം ടണ്ണിൽ നിന്നും 180 ദശലക്ഷം ടണ്ണായി വർധിച്ചിട്ടുമുണ്ട്. കൂടുതൽ സബ്സിഡികൾ നൽകിയും, അക്വാകൾച്ചറിലൂടെ ഉല്പാദനം വർധിപ്പിച്ചും ഈ പ്രശ്നം പരിഹരിക്കാനാണ് മുതലാളിത്ത രാജ്യങ്ങൾ ശ്രമിക്കുന്നത്. ഏറ്റവും കൂടുതൽ ഡിമാന്റുള്ള സാൽമൺ എന്ന മത്സ്യം വളർത്തണമെങ്കിൽ നാലുകിലോഗ്രാം ചെറു മത്സ്യം തീറ്റയായി നൽകേണ്ടതുണ്ട്. ഇത് പുതിയ പ്രശ്നങ്ങളും സൃഷ്ടിക്കുന്നു.

യൂറോപ്പിലെ പ്രധാന മത്സ്യങ്ങളായ പാറ്റഗോണിയൻ ടൂത്ത് ഫിഷ്, ഓറഞ്ച് റഫി, അറ്റ്ലാന്റിക് സ്റ്റർജിയൻ, ബ്ലൂ

വിറ്റിംഗ്, സേബിൾ ഫിഷ് തുടങ്ങിയ മത്സ്യ ഇനങ്ങളൊക്കെത്തന്നെ തകർച്ചയുടെ വക്കിലാണ്. കാനഡയുടെ തീരത്ത് സുലഭമായിരുന്ന കോഡ് മത്സ്യം 1990ൽ പൂർണ്ണമായും തകർന്നു. മുപ്പതിനായിരം തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടു. മുപ്പതു വർഷം കഴിഞ്ഞിട്ടും ഉല്പാദനം പുനഃസ്ഥാപിക്കാനായിട്ടില്ല. ഇന്നത്തെ രീതിയിലുള്ള മത്സ്യബന്ധനം തുടരുകയാണെങ്കിൽ 2048 ആകുമ്പോഴേക്കും ഭക്ഷ്യയോഗ്യമായ മത്സ്യങ്ങൾ ഈ ഭൂമിയിൽ നിന്നും അപ്രത്യക്ഷമാകുമെന്ന് ആറ് രാജ്യങ്ങളിലെ പതിനാല് ഗവേഷകർ ചേർന്ന് നടത്തിയ പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ച നേച്ചർ മാസിക പറയുന്നു. യൂറോപ്പിൽ നിലവിലുള്ള 136 മത്സ്യ ഇന(സ്റ്റോക്ക്)ങ്ങളിൽ കേവലം എട്ട് ശതമാനം മാത്രമേ 2022ൽ അവശേഷിക്കൂ എന്ന് യൂറോപ്യൻ ഫിഷറീസ് കമ്മീഷണറായിരുന്ന മരിയ ദെമനാക്കിയും പറയുന്നു.

മത്സ്യബന്ധനത്തിന്റെ മാരകസ്വഭാവവും സാങ്കേതിക വിദ്യ വികസിച്ചതോടെ വർധിച്ചിട്ടുണ്ട്. 12 ജംബോ ജെറ്റുകൾ ഒന്നിച്ചു കയറാവുന്ന വാ വിസ്തൃതിയുള്ള ട്രോൾ വലകളാണ് യൂറോപ്പിലെ കപ്പൽ സമൂഹങ്ങൾ ഉപയോഗിക്കുന്നത്. 60 കിലോമീറ്റർ വരെ നീളമുള്ള 'മരണത്തിന്റെ ഭിത്തി' എന്നു വിളിക്കുന്ന ഡ്രിഫ്റ്റ് നെറ്റാണ് ജപ്പാനിൽ ഉപയോഗിക്കുന്നത്. ആയിരക്കണക്കിന് കടലാമകളും, ഡോൾഫിനുകളും, സസ്തനികളും, തിമിംഗലങ്ങളും ഇതിൽ കുടുങ്ങി മരണമടയാറുണ്ട്. ടൂണയെ പിടിക്കാൻ അവർ ഉപയോഗിക്കുന്ന 120 കിലോമീറ്റർ വരെയുള്ള ലോംഗ് ലൈനർ വലകളിൽ കുടുങ്ങി പ്രതിവർഷം 44,000 ആൽബട്രോസ് പക്ഷികളും മരണമടയുന്നുണ്ട്. ഈ സാഹചര്യത്തിൽ യൂറോപ്പും അമേരിക്കയും ചില നിയന്ത്രണങ്ങളും ക്രമീകരണങ്ങളും പ്രാബല്യത്തിൽ വരുത്തിയിട്ടുമുണ്ട്. മൊത്തത്തിൽ പിടിക്കാവുന്ന മത്സ്യങ്ങളുടെ കണക്ക് നിജപ്പെടുത്തുക (ടി.എ.സി.) ഓരോ യാനവും പിടിക്കേണ്ട ക്വാട്ട നിശ്ചയിക്കുക, ക്യാച്ച് പോയിന്റ് റിസർവ്വ് നിശ്ചയിക്കുക തുടങ്ങിയവയാണത്. ഇത് ലംഘിക്കുന്നവർക്ക് കർശന ശിക്ഷയും ഉറപ്പുവരുത്തിയിട്ടുണ്ട്. എങ്കിലും മത്സ്യം പിടിക്കാനുള്ള വ്യഗ്രതമൂലം അയൽരാജ്യങ്ങളുടെ അതിർത്തിയിലേക്കുള്ള കടന്നുകയറ്റവും വ്യാപകമാണ്. ബ്രിട്ടണും അയർലണ്ടും നടത്തിയ 'കോഡ് വാർ' ഈ രംഗത്തെ പ്രധാന സംഭവമാണ്. ഗ്രീൻലാന്റ് ഹാലിബട്ട് എന്ന മത്സ്യം പിടിക്കുന്നത് കാനഡ നിരോധിച്ചപ്പോൾ സ്പെയിന്റെ എസ്തായി എന്ന ചെറുകപ്പൽ അവിടെ മത്സ്യബന്ധനം നടത്തുകയുണ്ടായി. ഗൺ ബോട്ടുകളെ ഉപയോഗിച്ച് കാനഡ ആ കപ്പൽ പിടിച്ചെടുത്തു. എന്റിക്ക ലെക്സി സംഭവം പോലെ സാർവ്വദേശീയമായ ഒരു വിവാദമായി അതു മാറ്റുകയുണ്ടായി.

### സെനഗലൈസേഷൻ

യൂറോപ്പിലെ കടലുകളിലെ 82 ശതമാനം മത്സ്യങ്ങളും അമിതചൂഷണത്തിനു വിധേയമായി തകർന്ന സാഹചര്യത്തിൽ പടിഞ്ഞാറൻ ആഫ്രിക്കയിലേക്ക് കപ്പൽ സമൂഹം നീങ്ങുകയാണ്. പല രാജ്യങ്ങളുമായി അവർ ഫിഷറീസ് പാർട്ണർഷിപ്പ് എഗ്രിമെന്റ് എന്ന മേഖലാ സഹകരണ കരാറുകളിൽ ഏർപ്പെട്ടു. നിസ്സാര തുക ലൈസൻസ് ഫീ നൽകി സെഗലിന്റെ കടലിൽ പ്രവർത്തിച്ച സ്പാനിഷ് ട്രോളറുകൾ അവിടത്തെ കടൽ തൂത്തുവാരി. 1994ൽ സെനഗലിലെ തൊഴിലാളികൾ 95,000 ടൺ മത്സ്യം പിടിച്ചിടത്ത് പത്ത് വർഷം കഴിഞ്ഞപ്പോൾ അത് നേർപകുതിയായി. പിറോഗസ് എന്നു വിളിക്കുന്ന അവിടത്തെ നാടൻ ബോട്ടുകളിൽ പകുതിയും പ്രവർത്തന രഹിതമായി. മത്സ്യസംസ്കരണ ശാലകളിലെ 50–60 ശതമാനം പേരെയും പിരിച്ചുവിട്ടു. തുടർന്ന് സെനഗൽ മത്സ്യ സഹകരണ കരാറിൽ നിന്നും പിൻമാറി. സെനഗലൈസേഷൻ എന്നു മത്സ്യ ഗവേഷകർ വിളിക്കുന്ന ഈ ദുരന്തം തൊട്ടടുത്ത രാജ്യങ്ങളായ മൊറോക്കോ, സിയറ ലിയോൺ, കേപ് വെർദെ എന്നീ രാജ്യങ്ങളിൽ ഇപ്പോഴും തുടരുകയാണ്. ലോകത്ത് ഏറ്റവും കൂടുതൽ ചൂര (ട്യൂണ) പിടിക്കുന്ന രാജ്യമായ സൊമാലിയയിലെ കടലുകളിൽ വിദേശ കപ്പലുകൾ മീൻപിടിക്കുമ്പോൾ സമീപത്ത് മീൻ പിടിക്കുന്ന ചെറുയാനങ്ങളിലെ തൊഴിലാളികളെ വെടിവെച്ചുവീഴ്ത്തി. ചിലരുടെ ദേഹത്ത് തിളച്ച ടാറ് ഒഴുക്കി. കല്ലും കവണയും ഉപയോഗിച്ച് ചെറുത്ത തദ്ദേശീയ സമൂഹം പിന്നീട് യന്ത്രത്തോക്കുളുപോയിച്ചാണ് ചെറുത്തത്. ആസമൂഹം പടിപടിയായി കടൽക്കൊള്ളക്കാരായ ദുരന്തത്തിന് ലോകം സാക്ഷിയാണ്. പക്ഷേ ഇപ്പോഴവിടത്തെ കടൽക്കൊള്ള സംഘങ്ങൾ പലതും മത്സ്യക്കൊള്ള നടത്തുന്ന കപ്പൽ സംഘങ്ങൾക്ക് അകമ്പടിക്കാരായെന്നത് വർത്തമാന ദുരന്തത്തിന്റെ നേർസാക്ഷ്യമാണ്.

### ഇന്ത്യയിലെ അവസ്ഥ

ലോകത്തെ പ്രധാനപ്പെട്ട 15 ഫിഷിംഗ് ഗ്രൗണ്ടുകളിൽ പതിമൂന്നും അമിതചൂഷണത്തിന് വിധേയമായി എന്നും മത്സ്യം അവശേഷിക്കുന്ന രണ്ടു കടലുകൾ ഇന്ത്യാ മഹാസമുദ്രത്തിലെ അറബിക്കടലും ബംഗാൾ ഉൾക്കടലുമാണെന്ന് കേന്ദ്ര ഫിഷറീസ് സെക്രട്ടറി ഡോ. തരുൺ ശ്രീധർ അടുത്തിടെ പറയുകയുണ്ടായി. അറബിക്കടലിലെ മത്സ്യങ്ങൾക്ക് രുചി കൂടു



തലാണെന്നതും താരതമ്യേന മാലിന്യ രഹിതവുമാണെന്നതും വിദേശികൾക്ക് പ്രത്യേകിച്ച് അമേരിക്കക്കാർക്ക് ഇവിടം പ്രിയപ്പെട്ടതാക്കുന്നു. ഇ.എം.സി.സി. നാനൂറ് യാനങ്ങളുമായി വരുന്നതിന്റെ സാഹചര്യം ഇതാണ്. നോർവ്വേയുടെ സാങ്കേതിക വിദ്യ ഉപയോഗിച്ച് നാവിഗേഷൻ കോർപ്പറേഷൻ യാനങ്ങൾ നിർമ്മിക്കുമെന്നും മത്സ്യം മുഴുവൻ പ്രത്യേകിച്ച് ചെമ്മീൻ അമേരിക്കയിലേക്ക് കൊണ്ടുപോകുമെന്നും ഇ.എം.സി.സി.യുടെ ഡയറക്ടറായ ഷിജോവർഗ്ഗീസ് വെളിപ്പെടുത്തിയിട്ടുണ്ട്. ഈ കൺസോർഷ്യത്തിലുൾപ്പെട്ട പത്ത് കമ്പനികളിലൊന്നിനുപോലും മത്സ്യബന്ധനവുമായും കടലുമായും യാതൊരു ബന്ധവുമില്ലെന്നതും ദുരൂഹത വർധിപ്പിക്കുന്നു.

ഇന്ത്യയിലെ ചെറുത്തുനില്പും കേരളവും :1991 ജൂലൈയിൽ നരസിംഹറാവു സർക്കാരിന്റെ കാലത്ത് പുത്തൻ ആഴക്കടൽ മത്സ്യബന്ധന നയം പ്രഖ്യാപിച്ചു. 129 ലൈസൻസുകളിലൂടെ 400 വിദേശകപ്പലുകൾക്ക് സംയുക്ത സംരംഭങ്ങളായി ഇന്ത്യൻ കടലുകളിൽ പ്രവർത്തിക്കാനനുമതി നൽകി. സ്വാതന്ത്ര്യ സമര കാലത്തുപോലും ദർശിക്കാനാകാത്ത ചെറുത്തുനില്പിനാണ് മത്സ്യമേഖല പിന്നീട് സാക്ഷ്യം വഹിച്ചത്. 1994 നവംബർ 23നും 24 നും രണ്ടു ദിവസത്തെ പണിമുടക്കും മത്സ്യ മേഖലാ ബന്ദും നടത്തപ്പെട്ടു. റാവു ഗവൺമെന്റ് തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. തുടർന്നുവന്ന യു.എഫ്. സർക്കാർ 1995 മെയ്മാസത്തിൽ പി. മുരാരി അധ്യക്ഷനായുള്ള 41 അംഗ കമ്മിറ്റി രൂപീകരിച്ചു. വിദേശ മത്സ്യക്കപ്പലുകളുടെ ലൈസൻസ് റദ്ദു ചെയ്യാനും, തദ്ദേശീയ മത്സ്യബന്ധന മൂഹത്തെ ശാക്തീകരിക്കാനുമുള്ള മുരാരിയുടെ 21 നിർദ്ദേശങ്ങളും ദേവഗൗഡ സർക്കാർ അംഗീകരിച്ചു.

2014 ജൂൺ മാസം 29ന് ഇപ്പോഴത്തെ പ്രധാന മന്ത്രി നരേന്ദ്രമോദി 'രണ്ടാം നീലവിപ്ലവം' പ്രഖ്യാപിച്ചു. നിലവിലുള്ള യാനങ്ങൾക്കു പുറമേ 270 പുതിയ വിദേശയാനങ്ങളടക്കം ഇന്ത്യയുടെ കടലിൽ 1178 യാനങ്ങൾ പ്രവർത്തിപ്പിക്കണമെന്ന ഡോ. ബി. മീനാകുമാരി കമ്മിറ്റിയുടെ റിപ്പോർട്ട് 2015 ആഗസ്റ്റ് 20ന് കേന്ദ്ര സർക്കാർ അംഗീകരിച്ചു. ഇതിനെതിരായ പ്രക്ഷോഭത്തിൽ കേരളത്തിലെ മത്സ്യത്തൊഴിലാളികൾ മുൻപന്തിയിലുണ്ടായി. യു.ഡി.എഫ്. എൽ.ഡി.എഫ്. സർക്കാരുകളും പ്രക്ഷോഭത്തെ പിന്തുണച്ചു കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി. പ്രക്ഷോഭം ഫലം കണ്ടു. മീനാകുമാരി റിപ്പോർട്ട് മരവിപ്പിക്കപ്പെട്ടു. 2016 ഫെബ്രുവരിയിൽ അവസാനത്തെ നാല് എൽ.ഒ.പി. യാനങ്ങളുടേയും ലൈസൻസ് റദ്ദു ചെയ്യപ്പെട്ടു. കപ്പലുകൾ രാജ്യം വിട്ടു.

തുടർന്ന് 2016 മാർച്ച് 2ന് കേന്ദ്ര കൃഷിമന്ത്രി രാധാമോഹൻ സിംഗ് വിളിച്ചു ചേർത്ത ഗവേഷകരുടെ യോഗത്തിൽ ഇന്ത്യൻ നിർമ്മിത യാനങ്ങളുമായി ബന്ധപ്പെട്ട് ഒരു സ്കീം അവതരിപ്പിക്കാനാവശ്യപ്പെട്ടു. മാർച്ച് 4നും 5നും കൊച്ചിയിൽ ചേർന്ന ഗവേഷണ സ്ഥാപനങ്ങളുടെ മേധാവികളടക്കം പങ്കെടുത്ത ശില്പശാല ആഴക്കടലിൽ ഇന്ത്യക്ക് ഇനി മൊത്തത്തിൽ വേണ്ടത് 270 യാനങ്ങളാണെന്ന് വിലയിരുത്തി. ഇതിൽ 240 എണ്ണം ട്യൂണ ലോംഗ് ലൈനറുകളാണ്. കേരളത്തിന് കേവലം 37 യാനങ്ങൾ ഈ യിനത്തിൽ മതിയാകുമെന്ന് യോഗം ശുപാർ

*⇨ കടലിൽ നിന്നും ലഭിക്കാവുന്ന മത്സ്യം 5.3 ദശലക്ഷം ടണ്ണാണെന്ന് കേന്ദ്ര സർക്കാർ നിയമിച്ച കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട് ⇨*

ശ ചെയ്തു. ഇതിന്റെയടിസ്ഥാനത്തിൽ 74 കോടി രൂപ ചെലവുവരുന്ന 44 യാനങ്ങൾക്കുള്ള അപേക്ഷ കേരളം സമർപ്പിച്ചത് കേന്ദ്രം നിഷ്ക്കരുണം തള്ളിക്കളഞ്ഞു. ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാവീണ്യമുള്ള കേരളത്തിലെ 21 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലെ സഹകരണ സംഘങ്ങൾക്കായിട്ടാണ് നാം സ്‌കീം അവതരിപ്പിച്ചത്. എന്നാൽ തമിഴ്‌നാടിന് ഈ ഇനത്തിൽ 800 കോടി കേന്ദ്രസർക്കാർ അനുവദിച്ചു. ദൽഹിയിൽ വെച്ച് കേന്ദ്ര മന്ത്രാലയത്തിലെ ഉയർന്ന ഉദ്യോഗസ്ഥനായ പോൾ പാണ്ഡ്യനുമായി ഈ ലേഖകൻ കയർത്തു സംസാരിച്ചപ്പോൾ നിങ്ങളുടെ യാനങ്ങൾക്ക് ചെലവു കൂടുതലാണെന്ന ന്യായീകരണമാണ് അദ്ദേഹം നിരത്തിയത്. എന്നിട്ട് അതേ തുകയ്ക്ക് തമിഴ്‌നാടിന് അനുവദിച്ച ബോട്ടുകൾ കൊച്ചി കപ്പൽശാലയിൽ നിന്ന് നീറ്റിലിറക്കിയത് നിസ്സഹായത്തോടെ നാം നോക്കിക്കണ്ടു.

ഇന്ത്യയിലൊട്ടാകെ ഇന്ന് 2.6 ലക്ഷം യാനങ്ങളാണ് കടലിലുള്ളത്. കടലിൽ നിന്നും ലഭിക്കാവുന്ന മത്സ്യം 5.3 ദശലക്ഷം ടണ്ണാണെന്ന് കേന്ദ്ര സർക്കാർ നിയമിച്ച കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. അതു പിടിക്കുന്നതിന് കേവലം 76,967 യാനങ്ങൾ മാത്രം മതിയാകുമെന്നും ഇപ്പോഴാവശ്യമായതിന്റെ 3.4 മടങ്ങ് യാനങ്ങളുണ്ടെന്നും കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്. കേരളത്തിന്റെ അവസ്ഥ ഇതിലും പരിതാപകരമാണ്. 590 കിലോമീറ്റർ മാത്രം ദൈർഘ്യമുള്ള കേരള കടലോരത്ത് നിലവിൽ 39,000 യാനങ്ങളാണ് പ്രവർത്തിക്കുന്നത്. ഇതിൽ ട്രോൾ ബോട്ടുകൾ 3900ത്തിനുമേലുണ്ട്. സുസ്ഥിര മത്സ്യബന്ധനത്തിന് കേലവം 1145 ട്രോൾ ബോട്ടുകൾ മതിയെന്ന ഡോ. എ.ജി. കലാവർ കമ്മിറ്റി ശുപാർശ ചെയ്ത സ്ഥാനത്താണിത്.

2018-ൽ ഞങ്ങളുമായി നടത്തിയ ചർച്ചയെത്തുടർന്ന് ഇനിയുള്ള പത്ത് വർഷത്തേക്ക് പുതിയ യാനങ്ങൾക്ക് രജിസ്‌ട്രേഷൻ നല്കില്ല എന്നും ഇതിനൊരു മോറട്ടോറിയം ഏർപ്പെടുത്താനും സംസ്ഥാന ഫിഷറി വകുപ്പ് തീരുമാനിക്കുകയുണ്ടായി. 58 ഇനം മത്സ്യങ്ങളുടെ കുറഞ്ഞ വലുപ്പം നിജപ്പെടുത്തി നിയമനിർമ്മാണവും നടത്തുകയുണ്ടായി. വിപണിയിലെ ഇടത്തട്ടുകാരെ നിയന്ത്രിക്കുക എന്ന ലക്ഷ്യം വെച്ച് ഒരു ഓർഡിനൻസും ഇറക്കുകയുണ്ടായി. അഭിപ്രായഭേദങ്ങൾ വിഭാഗങ്ങൾക്കിടയിലുണ്ടെങ്കിലും പരമ്പരാഗത മത്സ്യബന്ധന സമൂഹം പൊതുവിൽ ഇത് സ്വീകരിക്കുകയുണ്ടായി. ആഴക്കടൽ മത്സ്യബന്ധനത്തിന് പരമ്പരാഗത സമൂഹത്തെ പടിപടിയായി കൊണ്ടുപോകുക എന്ന ലക്ഷ്യം വെച്ച് പത്ത് യാനങ്ങൾ നിർമ്മിക്കുന്നതിന് കൊച്ചി ഷിപ്പ്‌യാർഡുമായും ധാരണാപത്രത്തിൽ ഒപ്പുവെക്കുകയുമുണ്ടായി. ഈ നടപടിക്രമങ്ങൾക്കൊക്കെ കരിനിഴൽ വീഴ്ത്തുന്ന നടപടിയാണ് ഇപ്പോഴുണ്ടായിരിക്കുന്നത്.

ആഴക്കടൽ മേഖലയിൽ 400 യാനങ്ങൾ പ്രവർത്തിക്കുന്നത് അവിടത്തെ പാരിസ്ഥിക സന്തുലിതാവസ്ഥയെ തകർക്കുമെന്ന കാര്യത്തിൽ സംശയമേതുമില്ല. കടലിന്റെ അടിത്തട്ടിനെ തകർക്കുന്ന ഒരു മത്സ്യബന്ധന സംവിധാനമാണ് ട്രോളിംഗ്. അമേരിക്കയ്ക്ക് ചെമ്മീൻ ആവശ്യമായതിനാലാണ് ട്രോളറുകൾ തന്നെ വെക്കുന്നതെന്ന് ഇ.എം.സി.സി. മേധാവി ഷിജോ വർഗ്ഗീസ് തന്നെ പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ അതിവിസ്തൃതമായ ആഴക്കടലിൽ നിന്നും വളരെക്കുറച്ച് മത്സ്യം മാത്രമേ ലഭ്യമാകൂ. അതിന് ചെലവും കൂടും. അറബിക്കടലിലെ മത്സ്യസമ്പത്തിലെ 95 ശതമാനം മത്സ്യങ്ങളും ലഭിക്കുന്നത് തീരക്കടലിലും തൊട്ടടുത്ത പുറംകടലിലുമായതിനാൽ ആഴക്കടലിലായിരിക്കില്ല അവർ പ്രവർത്തിക്കുക. അങ്ങനെ വരുമ്പോൾ നിലവിലുള്ള ബോട്ടുകാരുടേയും വള്ളക്കാരുടേയും വയറ്റത്തടിക്കുന്ന നടപടിയായിരിക്കും അത്. ചുരുക്കത്തിൽ പാരിസ്ഥിതികമായും, ഉപജീവനവുമായി ബന്ധപ്പെട്ടും, രാഷ്ട്രീയമായും തെറ്റായ സന്ദേശങ്ങളുണ്ടാക്കുന്ന നടപടികളാണ് നടന്നത്. വൈകിയാണെങ്കിലും തെറ്റ് തിരുത്തുന്നത് സ്വാഗതാർഹമാണ്.

ഇരുകൈകൊണ്ടും ഒരേസമയം പ്രഹരിക്കാൻ വൈദഗ്ധ്യം ഉള്ളവരുടെ നാടായി നമ്മുടെ നാടും മാറിയിരിക്കുകയാണ്. തുടർച്ചയായ രണ്ടു പ്രളയത്തിനുശേഷം ഇനിയങ്ങോട്ടുള്ള കേരളത്തിന്റെ വികസനത്തിന് പാരിസ്ഥിതക ഘടകങ്ങളുടെ പ്രാധാന്യം വർധിച്ചുവരികയാണ്. പാരിസ്ഥിതിക സൗഹൃദ വികസനത്തേക്കുറിച്ച് ഒരു വശത്ത് മുഖ്യമന്ത്രി തന്നെ സംസാരിക്കുന്നു. മറുവശത്ത് വിവേചന രഹിതമായി നിക്ഷേപങ്ങളെ സ്വീകരിക്കുന്ന നിക്ഷേപ സൗഹൃദസംസ്ഥാനത്തെക്കുറിച്ചും പറഞ്ഞുകൊണ്ടിരിക്കുന്നു. ഇവ തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിച്ച് നാം ബോധ്യപ്പെടണമെങ്കിൽ ഇനിയും മണ്ടോ മൂന്നോ പ്രളയങ്ങൾകൂടി വേണ്ടിവന്നേക്കാം! ഓഖിയിൽ ലക്ഷദ്വീപ് കടലിൽ മുങ്ങിപ്പോയ ആറ് ബോട്ടുകളിലെ 69 മനുഷ്യരുടെ ശരീരംപോലും ഇനിയും പുറത്തെടുക്കപ്പെട്ടിട്ടില്ല. കടലിൽക്കിടന്ന് അവർ ചോദിക്കുന്നു... രക്ഷകരെ ആര് രക്ഷിക്കും...?

(കേരള മത്സ്യത്തൊഴിലാളി ഐക്യവേദി -ടി.യു.സി.ഐയുടെ സംസ്ഥാന പ്രസിഡന്റാണ് ലേഖകൻ. കടപ്പാട്: ദി ക്രിട്ടിക്).■